"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നവകേരളത്തിന് ജനകീയാസൂത്രണം - തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2024-25 വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ.(കൈ) നം.198/2023/LSGD തീയതി,തിരുവനന്തപുരം, 13-11-2023

---

പരാമർശം:-

1. സ.ഉ.(കൈ)നം.84/2022/തസ്വഭവ; തീയതി 19.04.2022
2. സ.ഉ.(കൈ)നം.86/2022/ തസ്വഭവ; തീയതി 19.04.2022
3. സ.ഉ.(കൈ)നം.115/2022/ തസ്വഭവ; തീയതി 28.05.2022
4. സ.ഉ.(കൈ)നം.3/2023/ തസ്വഭവ; തീയതി 04.01.2023
5. സർക്കുലർ നം. എഫ്.എം.3/138/2023-തസ്വഭവ; തീയതി 23.05.2023
6. സ.ഉ.(സാധാ) നം. 1401/2023/തസ്വഭവ; തീയതി 10.07.2023

**ഉത്തരവ്**

2024-25 വർഷത്തെ വികസന പദ്ധതികൾക്ക് രൂപം നൽകുന്ന പ്രവർത്തനങ്ങൾ ആരംഭിക്കാൻ സമയമായിരിക്കുകയാണ്. ആസന്നമായിരിക്കുന്ന ലോക് സഭാ തെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ കാലേകൂട്ടിതന്നെ വികസന പദ്ധതികൾക്ക് രൂപം നൽകേണ്ടതുണ്ട്. അതിൽ വീഴ്ചയുണ്ടായാൽ തെരഞ്ഞെടുപ്പ് പ്രവർത്തനം പൂർത്തിയായതിനുശേഷം മാത്രമേ പദ്ധതി രൂപീകരണ പ്രക്രിയ ആരംഭിക്കാൻ കഴിയുകയുള്ളൂ. മാത്രമല്ല, പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗത്തിന് ഏറ്റെടുക്കുന്ന പ്രോജക്ടുകളുടെയും കേന്ദ്ര സർക്കാർ നിഷ്കർഷിക്കുന്ന മറ്റ് പ്രോജക്ടുകളുടെയും വിശദാംശങ്ങൾ 2024 ജനുവരിയിൽ തന്നെ ഇ-ഗ്രാംസ്വരാജ് പോർട്ടലിൽ അപ്-ലോഡ് ചെയ്യണമെന്ന് കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയം നിർദ്ദേശിച്ചിരിക്കുകയുമാണ്. ഈ സാഹചര്യത്തിൽ 2024 ജനുവരിയോടെ പദ്ധതി രൂപീകരണം പൂർത്തിയാക്കി ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം നേടാൻ കഴിയുന്ന രൂപത്തിലുള്ള സമയക്രമമാണ് നിർദ്ദേശിക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങൾ 2024-25 വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടുന്നതിന് ചുവടെ വിവരിക്കുന്ന മാർഗനിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ച് ഉത്തരവാകുന്നു.

2. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും 2024-25 വാർഷിക പദ്ധതി തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ ഈ വാരം തന്നെ ആരംഭിക്കേണ്ടതാണ്. ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ പരാമർശം 1 പ്രകാരമുള്ള മാർഗേരേഖയും നഗരഭരണ സ്ഥാപനങ്ങൾ പരാമർശം 2 പ്രകാരമുള്ള മാർഗരേഖയും അവലംബിച്ചു വേണം അടുത്ത വർഷത്തെ പദ്ധതി തയ്യാറാക്കേണ്ടത്. സബ്സിഡി സംബന്ധമായ മാനദണ്ഡങ്ങൾക്ക് പരാമർശം 3 പ്രകാരമുള്ള

മാർഗരേഖ എല്ലാ തലത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ബാധകമായിരിക്കും. പദ്ധതി രൂപീകരണ മാർഗരേഖകൾക്കും സബ്സിഡി മാർഗരേഖയ്ക്കും പിന്നീട് നൽകിയിട്ടുള്ള വിശദീകരണങ്ങളും ഭേദഗതികളും കൂട്ടിച്ചേർക്കലുകളും കൂടി കണക്കിലെടുത്തുകൊണ്ട് പദ്ധതി തയ്യാറാക്കേണ്ടതാണ്. പതിനാലാം പഞ്ചവൽസര പദ്ധതിക്ക് നിശ്ചയിച്ചിട്ടുള്ള പൊതുലക്ഷ്യങ്ങൾ, സവിശേഷ വികസന ലക്ഷ്യങ്ങൾ, പൊതു മുൻഗണനകൾ എന്നിവ കണക്കിലെടുത്ത് പ്രാദേശിക തലത്തിൽ പതിനാലാം പഞ്ചവൽസര പദ്ധതിക്കാലയളവിലേയ്ക്ക് നിശ്ചയിച്ചിട്ടുള്ള ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങളാകണം പ്രോജക്ടുകളായി രൂപപ്പെടേണ്ടത്. ജില്ലാ ആസൂത്രണസമിതി നൽകുന്ന ജില്ലാതല മുൻഗണനകളും കണക്കിലെടുക്കണം.

3. മുൻനിര പരിപാടികളിൽ പ്രധാനപ്പെട്ട അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിന് അടുത്ത വാർഷിക പദ്ധതിയിൽ ഉയർന്ന മുൻഗണന നൽകണം. അതിജീവന ആവശ്യങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, ആരോഗ്യ പരിരക്ഷ, വികസന ആവശ്യങ്ങൾ തുടങ്ങി വിവിധ ഘടകങ്ങൾ ഉൾക്കൊള്ളിച്ച് അതിദാരിദ്ര്യം പരിഹരിക്കുന്നതിനായി തയ്യാറാക്കിയ മൈക്രോ പ്ലാനുകളെ അടിസ്ഥാനമാക്കി നിർവ്വഹണ പ്രോജക്ടുകൾക്ക് രൂപം നൽകേണ്ടതും മതിയായ വിഹിതം വകയിരുത്തി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്യേണ്ടതാണ്. ഗ്രാമ പ്രദേശങ്ങളിൽ ഗ്രാമ പഞ്ചായത്തുകൾ തയ്യാറാക്കിയ മൈക്രോ പ്ലാനുകൾക്ക് വിഹിതം നൽകുന്നതിനുള്ള പ്രോജക്ടുകൾ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തണം.

4. പ്രാദേശിക സാമ്പത്തിക വികസനവും തൊഴിലവസരങ്ങളുടെ സൃഷ്ടിയും പതിനാലാം പഞ്ചവൽസര പദ്ധതിയുടെ മുഖ്യ ലക്ഷ്യങ്ങളിൽ പരമപ്രധാനമാണ്. പ്രാദേശിക സാമ്പത്തിക വികസനം സാധ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ, ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനുള്ള മാർഗ്ഗരേഖ പരാമർശം 4 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. അതിൽ പ്രതിപാദിക്കുന്ന സംഘടനാ സംവിധാനങ്ങൾക്ക് രൂപം നൽകി സ്വയംതൊഴിൽ സംരംഭങ്ങളും തൊഴിൽദായക സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ആവിഷ്കരിക്കുകയും ഇതിനുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കുകയും ചെയ്യേണ്ടതാണ്. അതോടൊപ്പം തൊഴിലന്വേഷകരെ തൊഴിലും വരുമാനവും നേടാൻ പ്രാപ്തരാക്കുന്ന നൈപുണ്യ വികസന പരിശീലന പരിപാടികളും അടുത്ത വാർഷിക പദ്ധതിയിൽ ഏറ്റെടുക്കേണ്ടതാണ്.

5. പ്രാഥമിക ഉല്പാദന മേഖലകളായ കാർഷിക, മൃഗ സംരക്ഷണ, മത്സ്യ, ക്ഷീര വികസന മേഖലകളിലെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് വിവിധ വിളകളുടെയും മറ്റു സംരംഭങ്ങളുടെയും വിസ്തൃതിയും ഉല്പാദനക്ഷമതയും പരമാവധി വർദ്ധിപ്പിക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് വാർഷിക പദ്ധതിയിൽ മുൻഗണന നല്കണം. ഭക്ഷ്യ ധാന്യങ്ങളുടെ ഉല്പാദനം പരമാവധി വർദ്ധിപ്പിക്കാനും പച്ചക്കറി, മുട്ട എന്നിവയുടെ ഉൽപാദനത്തിൽ സ്വയം പര്യാപ്തത നേടാനും പാൽ ഉൽപാദനത്തിൽ മിച്ചോൽപാദനം കൈവരിക്കാനും ഉതകുന്ന പ്രോജക്ടുകൾ ഏറ്റെടുക്കണം. കടൽ-ഉൾനാടൻ മത്സ്യോല്പാദനം വർദ്ധിപ്പിക്കാനുള്ള പ്രോജക്ടുകൾക്കും മുൻഗണന നൽകണം. കുടുംബശ്രീ ഗ്രൂപ്പുകളെയും ഭൂമി കൈവശമുള്ള ഉടമകളെയും ചേർത്തുകൊണ്ട് തദ്ദേശഭരണ സ്ഥാപനങ്ങളുടെ മുൻകൈയ്യിൽ കാർഷിക/ കാർഷികാനുബന്ധ പ്രവർത്തനങ്ങൾക്ക് രൂപം നൽകേണ്ടതാണ്. കൃഷി ചെയ്യാൻ താല്പര്യമുള്ള കർഷകർ, കർഷക കൂട്ടായ്മകൾ, പാടശേഖരസമിതികൾ, സ്വയം സഹായ സംഘങ്ങൾ, സഹകരണ സംഘങ്ങൾ, ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ, ചാരിറ്റബിൾ സംഘങ്ങൾ എന്നിവയെയും ഈ യജ്ഞത്തിൽ

പങ്കാളികളാക്കാം. ഇതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിക്കാവുന്നതാണ്.

i. സർക്കാർ വകുപ്പുകളുടെയും സംഘടനകളുടെയും സ്വകാര്യ വ്യക്തികളുടെയും ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ ഇതിനായി പരിഗണിക്കാവുന്നതാണ്.
ii. ഉടമ നേരിട്ട് കൃഷി ചെയ്യാൻ തയ്യാറാകുന്നതിന് പ്രേരിപ്പിക്കണം. അതിന് സന്നദ്ധമല്ലെങ്കിൽ ഭൂമിയുടെ ഉടമസ്ഥാവകാശത്തിന്റെ സുരക്ഷ ഉടമയെ ബോധ്യപ്പെടുത്തി തദ്ദേശഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ കൃഷി ചെയ്യുന്ന കർഷകന് (ഗ്രൂപ്പിന്) കൈമാറേണ്ടതാണ്.
iii. സാധ്യമായ ഇടത്തെല്ലാം കൃഷി, കാലി വളർത്തൽ, കോഴി വളർത്തൽ, മത്സ്യകൃഷി എന്നിവ ചേർത്തുള്ള സംയോജിത കൃഷി രീതി അവലംബിക്കാൻ കർഷകരെയും ഗ്രൂപ്പുകളെയും പ്രോത്സാഹിപ്പിക്കേണ്ടതാണ്.
iv. പ്രാദേശിക കാർഷിക ഉത്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള മൂല്യവർദ്ധിത സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കി നടപ്പാക്കേണ്ടതാണ്. കമ്യൂണിറ്റി ലെവൽ കോമൺ ഫെസിലിറ്റി കേന്ദ്രങ്ങൾ, ഇൻകുബേഷൻ കേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനും മുൻകൈ എടുക്കേണ്ടതാണ്.
v. തരിശുഭൂമി കൃഷി യോഗ്യമാക്കൽ ഉൾപ്പടെയുള്ള വികസന പ്രവർത്തനങ്ങൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെയും അയ്യങ്കാളി നഗരതൊഴിൽ സൃഷ്ടിക്കൽ പദ്ധതിയുടെയും ഭാഗമായി നടപ്പാക്കുന്നതിന് ശ്രമിക്കണം.
vi. കാർഷിക അനുബന്ധമേഖലകളിലെ പ്രവർത്തനങ്ങൾക്ക് ഉത്പാദനോപാധികൾ, മറ്റ് സഹായങ്ങൾ, സബ്സിഡി എന്നിവ വകുപ്പ് പരിപാടികളുടെയും തദ്ദേശഭരണസ്ഥാപങ്ങൾ നടപ്പാക്കുന്ന പ്രോജക്ടുകളുടെയും ഭാഗമായി കർഷകർക്ക്/ഗ്രൂപ്പുകൾക്ക് നൽകാവുന്നതാണ്.
vii. വിള ഇൻഷ്വറൻസിന് സർക്കാർ സ്കീം ഉപയോഗപ്പെടുത്തേണ്ടതാണ്.

6. നീർത്തടവികസനം, പ്രളയനിവാരണം, വരൾച്ചാ പ്രതിരോധം എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തി സമഗ്ര ജലവിഭവ പരിപാലനത്തിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കേണ്ടതാണ്. ഉല്പാദന മേഖലയിൽ, പ്രളയസാധ്യത ഒഴിവാക്കാൻ കഴിയുന്നവിധം നീർത്തട വികസനം, ജലസ്രോതസുകളുടെ സംരക്ഷണവും പുനരുദ്ധാരണവും, തോട് നിർമ്മാണവും അറ്റകുറ്റപ്പണികളും, ചെക്ക്ഡാം, നീരൊഴുക്ക് സുഗമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവ ഏറ്റെടുക്കണം. പ്രളയസാധ്യത മുന്നിൽ കണ്ടുകൊണ്ട് പാടശേഖരങ്ങൾ സംരക്ഷിക്കാനുള്ള ബണ്ട് നിർമ്മാണം, ജലനിർഗ്ഗമന മാർഗ്ഗങ്ങളുടെ നിർമ്മാണവും സംരക്ഷണവും എന്നിവ ഇതിൽ ഉൾപ്പെടുത്താം. മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനങ്ങൾ ഇത്തരം പ്രവർത്തനങ്ങളുമായി സംയോജിപ്പാക്കാവുന്നതാണ്.

7. കാലാവസ്ഥാ വ്യതിയാനം മൂലം കേരളത്തിൽ അടിക്കടി ഉണ്ടാകുന്ന വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, കടലാക്രമണം മൂലമുള്ള തീരശോഷണം, വരൾച്ച തുടങ്ങിയവയെ പ്രതിരോധിക്കുന്നതിനും അതുമൂലമുള്ള ദുരന്തങ്ങൾ ലഘൂകരിക്കുന്നതിനും പ്രാദേശിക തലത്തിൽ കർമ്മപദ്ധതി (Local Action Plan on Climate Change) തയ്യാറാക്കേണ്ടതും അതിന് അനുസൃതമായി പ്രോജക്ടുകൾക്ക് രൂപം നൽകി ഘട്ടം ഘട്ടമായി നടപ്പാക്കേണ്ടതുമാണ്.

8. ലൈഫ് പ്രോജക്റ്റ്, അനിമൽ ബർത്ത് കൺട്രോൾ (ABC) പ്രോഗ്രാം നടപ്പാക്കുന്നതിനും തെരുവുനായ ശല്യം പരിഹരിക്കുന്നതിനുമുള്ള പ്രോജക്ടുകൾ, പരമ്പരാഗത തെരുവ് വിളക്കുകൾ

മാറ്റി എൽ.ഇ.ഡി. ബൾബുകൾ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടുകൾ എന്നിവയ്ക്കും അടുത്ത വാർഷിക പദ്ധതിയിൽ പ്രാമുഖ്യം നൽകേണ്ടതാണ്.

9. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകാവുന്ന സ്കോളർഷിപ്പിന്റെയും ബത്തയുടെയും വിശദാംശങ്ങൾ പരാമർശം 3 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗരേഖയുടെ ഖണ്ഡിക 7.16 ൽ വ്യക്തമാക്കിയിട്ടുണ്ട്. പലയിടത്തും ഭാഗികമായാണ് സഹായം നൽകുന്നത്. ഇതു സംബന്ധിച്ച് ധാരാളം പരാതികൾ സർക്കാരിന് ലഭിക്കുന്നുണ്ട്. മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ സ്കോളർഷിപ്പും ബത്തയും പൂർണ്ണമായും ലഭ്യമാക്കേണ്ടതാണ്. ഗ്രാമപ്രദേശങ്ങളിൽ ഗ്രാമപഞ്ചായത്തുകൾക്ക് മാത്രമായി വിഹിതം കണ്ടെത്തുന്നതിന് കഴിയുന്നില്ലെങ്കിൽ പരാമർശം 1, 2 ഉത്തരവുകളുടെ ഖണ്ഡിക 6.4(ബി)(2) ൽ വ്യക്തമാക്കിയിട്ടുള്ളതു പോലെ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ 60:30:10 അനുപാതത്തിൽ വകയിരുത്തി നൽകേണ്ടതാണ്. ഈ അനുപാതത്തിൽ തുക കണ്ടെത്തുന്നതിന് കഴിയാത്ത തദ്ദേശഭരണ സ്ഥാപനങ്ങളുടെ കാര്യത്തിൽ കുറവ് പരിഹരിക്കുന്നതിന് മറ്റ് തലങ്ങളിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉപയോഗിക്കാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. മതിയായ വിഹിതം ലഭ്യമാക്കുന്ന കാര്യത്തിൽ ധാരണ ഉണ്ടാക്കുന്നതിനുവേണ്ടി പദ്ധതി രൂപീകരണത്തിന് മുന്നോടിയായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻമാരുടെ യോഗം ജില്ലാ ആസൂത്രണസമിതി വിളിച്ചു ചേർക്കേണ്ടതാണ്.

10. കെട്ടിടമില്ലാത്ത ആരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരമുള്ള ഹെൽത്ത് ഗ്രാന്റിൽ നിന്നും ഓരോ ഉപകേന്ദ്രത്തിനും 55.50 ലക്ഷം രൂപ വീതം ലഭ്യമാക്കാൻ കഴിയും. എന്നാൽ സ്ഥലം വാങ്ങുന്നതിന് ഹെൽത്ത് ഗ്രാന്റ് വിനിയോഗിക്കാൻ കഴിയുകയില്ല. അതിനാൽ സ്ഥലമില്ലാത്ത ആരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം, വികസന ഫണ്ട്/തനത് ഫണ്ട് വിനിയോഗിച്ച് ലഭ്യമാക്കണമെന്ന് പരാമർശം 5 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. 2023-24 ൽ സ്ഥലം ലഭ്യമാക്കാൻ കഴിയാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾ അതിനുള്ള പ്രോജക്റ്റ് 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

11. 'മാലിന്യ മുക്തം നവകേരളം' ക്യാമ്പയിനിലൂടെ മാലിന്യ സംസ്കരണ രംഗത്ത് വലിയ മാറ്റം കൈവരിക്കാൻ ഈ വർഷം സാധിച്ചിട്ടുണ്ട്. ഖരമാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് ഉണ്ടാക്കിയ നിർമിതികളിലും യന്ത്ര സംവിധാനങ്ങളിലും ഇനിയും അവശേഷിക്കുന്ന പരിമിതികളും കുറവുകളും പരിഹരിക്കുന്നതിന് വരും വർഷം കഴിയണം. ഇതോടൊപ്പം സി&ഡി വേസ്റ്റ്, സാനിറ്ററി മാലിന്യം, അപകടകരമായ ഇ-മാലിന്യങ്ങൾ, ഗാർഹിക മെഡിക്കൽ മാലിന്യം എന്നിവയ്ക്ക് പരിഹാരം കാണുന്നതിനും കക്കൂസ് മാലിന്യം ഉൾപ്പെടെയുള്ള ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉറപ്പാക്കുന്നതിനുമുള്ള പ്രോജക്ടുകൾ അടുത്ത സാമ്പത്തിക വർഷം നിർബന്ധമായും ഏറ്റെടുക്കേണ്ടതാണ്. ഖര-ദ്രവ മാലിന്യ സംസ്കരണത്തിലെ വിവിധ ഘടകങ്ങൾക്ക് സ്വകാര്യ പങ്കാളിത്തം കൊണ്ടുവരുന്നതിനുള്ള നടപടികളും പദ്ധതിയുടെ ഭാഗമായി ആവിഷ്കരിക്കേണ്ടതാണ്. ഇത് സംബന്ധിച്ചുള്ള പ്രത്യേക മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിപ്പിക്കുന്നതാണ്.

1. 'മാലിന്യ മുക്തം നവകേരളം' രണ്ടാം ഘട്ട ക്യാമ്പയിനിന്റെ അവസാനത്തിൽ തദ്ദേശ സ്ഥാപനതല വർക്കിംഗ് ഗ്രൂപ്പിന്റെ നേതൃത്വത്തിൽ നടത്തുന്ന അവസ്ഥാ വിശകലന

റിപ്പോർട്ടിൽ നിന്നും സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിൽ നിന്നും ഖരമാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് അവശേഷിക്കുന്ന വിടവുകൾ മനസിലാക്കാൻ കഴിയും. ഇതിന്റെ അടിസ്ഥാനത്തിൽ അവ പരിഹരിക്കാനുള്ള പ്രോജക്ടുകൾ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്.

2. എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ജൈവ മാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കാനുള്ള സംവിധാനം ഉറപ്പാക്കുന്നതിനോടൊപ്പം നിലവിലുള്ള പൊതു ജൈവ മാലിന്യ സംസ്കരണ സംവിധാനം ആധുനികവത്കരിക്കുന്നതിനും ആകർഷകമാക്കുന്നതിനും സംസ്കരണ ശേഷി ഉയർത്തുന്നതിനും അധിക സംസ്കരണ സൗകര്യം ഒരുക്കുന്നതിനുമുള്ള പ്രോജക്ടുകൾ ഉൾപ്പെടുത്തേണ്ടതാണ്.
3. ഓരോ വാർഡിലും ഉണ്ടാകുന്ന അജൈവ മാലിന്യങ്ങളുടെ അളവിനനുസരിച്ച് ചെറു അജൈവ മാലിന്യ സംഭരണികൾ (Mini MCF) നിർമ്മിക്കേണ്ടതിനുള്ള പ്രോജക്ടുകൾ ഉൾപ്പെടുത്തേണ്ടതാണ്.
4. ഓരോ തദ്ദേശഭരണ സ്ഥാപനത്തിലും ഉണ്ടാകുന്ന അജൈവ മാലിന്യത്തിന്റെ അളവ് കൈകാര്യം ചെയ്യാനുള്ള സൗകര്യം നിലവിലുള്ള MCF/RRFകൾക്ക് ഇല്ലെങ്കിൽ, നിലവിൽ സ്ഥലം ലഭ്യമാണെങ്കിൽ, നിലവിലുള്ളത് വിപുലപ്പെടുത്തുന്നതിനും, ഇല്ലെങ്കിൽ സ്ഥലം കണ്ടെത്തി അധികമായി ഒന്നോ അതിലധികമോ നിർമ്മിക്കുന്നതിനുമുള്ള പ്രോജക്ടുകൾ ഉൾപ്പെടുത്തണം.
5. നിലവിലുള്ള MCF/RRFകൾ ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി മികച്ച അടിസ്ഥാന സൗകര്യം, തരം തിരിക്കുന്നതിനുള്ള കൺവെയർ ബെൽറ്റ്, അഗ്നി സുരക്ഷാ സംവിധാനം, വിശ്രമ മുറി, ശുചിമുറി, വാഹനങ്ങൾ തുടങ്ങിയവയ്ക്കുള്ള പ്രോജക്ടുകൾ ഉൾപ്പെടുത്താവുന്നതാണ്.
6. ഹരിതകർമ്മ സേനയ്ക്ക് നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം വയബലിറ്റി ഗ്യാപ്പ് ഫണ്ട് നൽകുന്നതിനുള്ള പ്രോജക്റ്റ് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.
7. ഹരിതകർമ്മ സേനയെ ശുചിത്വ മാലിന്യ സംസ്കരണ രംഗത്ത് ബ്രാൻഡ് സംരംഭമായി മാറ്റുന്നതിന് ആവശ്യമായ പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്താവുന്നതാണ്.
8. ഹരിതകർമ്മ സേനയ്ക്ക് ആവശ്യമായ വാഹനം, സുരക്ഷാ ഉപാധികൾ, യൂണിഫോം, പാഴ് വസ്തുക്കൾ സംഭരിക്കുന്നതിനാവശ്യമായ ബാഗ്/ചാക്ക് തുടങ്ങിയവ നൽകുന്നതിനുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.
9. പൊതു ശുചീകരണത്തിന്റെ ഭാഗമായി മാലിന്യ കൂനകൾ, ഡംപ് സൈറ്റുകൾ എന്നിവ വൃത്തിയാക്കുന്നതിന് വിശദമായ പ്രോജക്റ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വാർഷിക പദ്ധതിയിൽ തുക വകയിരുത്താവുന്നതാണ്.
10. സി&ഡി മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി സംഭരണ കേന്ദ്രങ്ങൾ ഉണ്ടാക്കുന്നതിനുള്ള പ്രോജക്റ്റ് വാർഷിക പദ്ധതിയുടെ ഭാഗമാക്കണം.
11. എല്ലാ നഗരഭരണ സ്ഥാപനങ്ങളിലും സാനിറ്ററി മാലിന്യ സംസ്കരണത്തിനുള്ള പ്ലാന്റ് നിർബന്ധമായും സ്ഥാപിക്കേണ്ടതാണ്. മുനിസിപ്പാലിറ്റിയുടെ/കോർപ്പറേഷന്റെ സമീപത്ത് വരുന്ന 10-15 ഗ്രാമപഞ്ചായത്തുകളുടെ ക്ലസ്റ്റർ രൂപീകരിച്ച് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്കായി ബ്ലോക്ക്/ജില്ലാ പഞ്ചയത്തുകളുടെ പ്രോജക്റ്റ് ആയി സാനിറ്ററി മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉറപ്പാക്കണം. സംയുക്ത പ്രോജെക്ടായും നടപടി എടുക്കാം.

12. അജൈവ മാലിന്യ സംസ്കരണ സംവിധാനത്തിന്റെ ഭാഗമായി നിർബന്ധമായും ഉണ്ടായിരിക്കേണ്ട MCF, Mini MCF, RRF സംവിധാനങ്ങൾ ആവശ്യത്തിന് ഇനിയും നിർമ്മിച്ചിട്ടില്ലാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾ ഇതിനുള്ള പ്രോജക്ടുകൾ നിർബന്ധമായും ഈ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തണം.
13. പൊതു ശുചിത്വ - മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ നടത്തിപ്പിനുള്ള ഓപ്പറേഷൻ & മെയിന്റനൻസ് (O&M) പ്രോജക്ടുകൾ ഉൾപ്പെടുത്താവുന്നതാണ്.
14. അപകടകരമായ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി മുൻ വർഷത്തെ ചെലവിന്റെ അടിസ്ഥാനത്തിൽ ക്ലീൻ കേരള കമ്പനിയുടെ നിരക്ക് അടിസ്ഥാനമാക്കി പ്രോജക്ട് ഉൾപ്പെടുത്താവുന്നതാണ്.
15. യൂസർ ഫീ ഇളവ് നൽകുന്ന വീടുകൾക്കുള്ള (അതി ദരിദ്രർ/ആശ്രയ ഗുണഭോക്താക്കൾ) യൂസർഫീ പ്രോജക്റ്റ് ഉൾപ്പെടുത്താവുന്നതാണ്.
16. ഗാർഹിക/സ്ഥാപനതലത്തിൽ ഉറവിട മാലിന്യ സംസ്കരണ ഉപാധികളിലൂടെ ഉല്പാദിപ്പിക്കുന്ന കമ്പോസ്റ്റ് വളം ഗുണനിലവാരം ഉറപ്പാക്കിയ ശേഷം വില നൽകി തിരികെ എടുത്ത് സമ്പുഷ്ടീകരണം നടത്തി തദ്ദേശഭരണ സ്ഥാപനങ്ങളുടെ കാർഷിക പ്രോജക്ടിന്റെ ഭാഗമായി കർഷകർക്ക് നൽകുന്ന പ്രോജക്ട് പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.
17. ഹരിത സഹായ സ്ഥാപനങ്ങളുടെ സേവനം ആവശ്യമായ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അതിനുള്ള പ്രോജക്ട് ഉൾപ്പെടുത്താവുന്നതാണ്.
18. മാലിന്യ മുക്തം നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി തദ്ദേശ ഭരണ സ്ഥാപന തല ക്യാമ്പയിന് വേണ്ടി പൗര വിദ്യാഭാസം, ക്യാമ്പയിൻ സംഘാടനം, പ്രചാരണം, ജനകീയ ഓഡിറ്റ്, ഹരിത സഭ, മാലിന്യ പരിപാലന പാഠശാലകൾ, റിസോഴ്സ് പേഴ്സൺമാരുടെ പരിശീലന ചെലവുകൾ, വിദ്യാർത്ഥികളെയും യുവതയേയും പങ്കാളിയാക്കുന്നതിനുള്ള പരിപാടികൾ തുടങ്ങിയ പ്രവർത്തനങ്ങൾക്ക്, വ്യക്തമായ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ഗ്രാമ പഞ്ചായത്തുകൾ പരമാവധി 2 ലക്ഷം രൂപയും, മുനിസിപ്പാലിറ്റികൾ പരമാവധി 5 ലക്ഷം രൂപയും കോർപ്പറേഷനുകൾ പരമാവധി 10 ലക്ഷം രൂപയും വകയിരുത്തേണ്ടതാണ്.
19. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽ വരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, മാർക്കറ്റുകൾ തുടങ്ങിയ എല്ലാ സ്ഥാപനങ്ങളിലും മലിന ജല സംസ്കരണത്തിനുള്ള പ്രോജക്ടുകൾ നിർബന്ധമായും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.
20. ഗാർഹിക മലിനജല സംസ്കരണത്തിന് വേണ്ടിയുള്ള സോക്പിറ്റ് നിർമാണത്തിനുള്ള കർമ്മ പരിപാടി വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതാണ്.
21. CFC ഗ്രാന്റ് ഉപയോഗിച്ച് മലിനജല സംസ്കരണത്തിനുള്ള പ്രോജക്ടുകൾക്ക് പ്രഥമ പരിഗണന നൽകേണ്ടതാണ്.
22. 2013 ലെ Prohibition of Employment as Manual Scavengers and their Rehabilitation Act പ്രകാരവും ബന്ധപ്പെട്ട ചട്ടങ്ങൾ പ്രകാരവും ഡ്രെയ്നേജ്, മാൻഹോൾ എന്നിവയുടെ ക്ലീനിംഗ്, ഡിസ്ലഡ്ജിങ് തുടങ്ങിയ പ്രവർത്തികളിൽ ഏർപ്പെട്ടിരിക്കുന്ന ശുചീകരണ തൊഴിലാളികൾക്ക് സംരക്ഷണ ഉപാധികൾ (Protective gears) ലഭ്യമാക്കേണ്ടതുണ്ട്. ആയതിനാൽ ഇത്തരം സുരക്ഷാ ഉപാധികൾ വാങ്ങുക, ദ്രവ മാലിന്യ ശുചീകരണ പ്രവർത്തനങ്ങൾ "no touch" ആക്കാൻ ഉതകുന്ന മെഷീനുകൾ വാങ്ങുക എന്നിവയ്ക്കുള്ള

പ്രോജക്ടുകൾ നിർബന്ധമായും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. ഇവയുടെ പട്ടിക ശുചിത്വ മിഷൻ ലഭ്യമാക്കുന്നതാണ്.

23. കക്കൂസ് മാലിന്യം സംസ്കരിക്കുന്നതിനുള്ള പ്ലാന്റ് (FSTP) നിർമ്മാണത്തിനുള്ള ഭൂമി വാങ്ങൽ, പ്ലാന്റ് നിർമ്മാണം എന്നിവയ്ക്കായി പ്രോജക്ടുകൾ ഉൾപ്പെടുത്താവുന്നതാണ്. ഗ്രാമ പ്രദേശങ്ങളിൽ ത്രിതല പഞ്ചായത്തുകൾക്ക് സംയുക്തമായോ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് ഒറ്റയ്ക്കോ പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.
24. ഗ്രാമ പഞ്ചായത്ത്/നഗരഭരണ സ്ഥാപനങ്ങളെ സമ്പൂർണ ശുചിത്വ മാലിന്യ സംസ്കരണ സംവിധാനം ഉറപ്പാക്കി മാലിന്യമുക്തമാക്കുന്നതിനുള്ള സമഗ്ര പദ്ധതിയുടെ ഭാഗമായി സ്വച്ച് ഭാരത് മിഷൻ ഗ്രാന്റ്, പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, കെ.എസ്.ഡബ്ല്യൂ.എം.പി ഫണ്ട്, ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകളുടെ വിഹിതം തുടങ്ങി എല്ലാ സ്കീമുകളേയും ഗ്രാന്റുകളെയും സംയോജിപ്പിച്ച് ഒറ്റ പദ്ധതിയുടെ ഘടകങ്ങളാക്കി പ്രോജക്ടുകൾക്ക് രൂപം നൽകണം. ആസൂത്രണം, നിർവ്വഹണം, അവലോകനം, റിവ്യൂ എന്നിവയും സംയുക്തമായി നടത്തുന്ന രീതികൾ ബന്ധപ്പെട്ട ഏജൻസികൾ സ്വീകരിക്കണം. ഇതിലൂടെ ഒ.ഡി.എഫ് പ്ലസ് പദവി നേടാൻ കഴിയുന്ന തരത്തിൽ പ്രോജക്ടുകൾക്ക് രൂപം നൽകേണ്ടതാണ്.
25. ശുചിത്വ മാലിന്യസംസ്കരണ പ്രോജക്ടുകളിലൂടെ പ്രാദേശിക സാമ്പത്തിക വികസനത്തിനും സംരംഭകത്വ വികസനത്തിനും അധിക തൊഴിലവസരസൃഷ്ടിക്കും സഹായകമായ പ്രോജക്ടുകൾ കൊണ്ടുവരാൻ കഴിഞ്ഞുവെന്ന് തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കേണ്ടതാണ്. ഇതിലൂടെ അധിക തൊഴിൽ സൃഷ്ടിക്കുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സർക്കാരിന്റെ പ്രത്യേക പുരസ്കാരം നൽകും. അതുപോലെ 100% ഖരമാലിന്യ പരിപാലന സംവിധാനം ഉറപ്പാക്കിയ ഗ്രാമ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും പ്രത്യേക പുരസ്കാരവും നൽകുന്നതാണ്.

12. ഹാപ്പിനസ് പാർക്കുകൾ:- എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ഹാപ്പിനസ് പാർക്കുകൾ സ്ഥാപിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ കുറഞ്ഞത് ഒന്ന് വീതം ഹാപ്പിനസ്സ് പാർക്കുകൾ എന്നതാണ് ലക്ഷ്യം.

i. ഭംഗിയും വൃത്തിയുമുള്ള പാർക്കിൽ താഴെ പറയുന്നതടക്കമുള്ള സൗകര്യങ്ങളാണ് ഉണ്ടാക്കേണ്ടത്.
   = ഇരിപ്പിടം, മറ്റ് വിനോദ ഉപാധികൾ
   = സെൽഫി കോർണർ
   = സ്നാക്ക്സ് & ഡ്രിംഗ്സ് (ടേസ്റ്റ് ദി വില്ലേജ് കോർണർ)
   = മൊബൈൽ റീ ചാർജ്ജിംഗ് സംവിധാനം, വൈഫൈ, കുടിവെള്ളം
   = വൃത്തിയുള്ള ടോയിലറ്റ്
   = ഭംഗിയുള്ള ലൈറ്റിംഗ് സംവിധാനം
   = മാലിന്യശേഖരണ സംവിധാനം

ii. സ്ഥല ലഭ്യതയ്ക്കനുസരിച്ച് ഡാൻസിംഗ്/സിംഗിംങ് ഫ്ലോർ, മഴവെള്ള സംഭരണ സംവിധാനം, വർക്ക് ഫ്രം പാർക്ക് സൗകര്യങ്ങൾ, കമ്മ്യൂണിറ്റി യോഗ, മെഡിറ്റേഷൻ, ജോഗിംഗ് തുടങ്ങിയവയ്ക്കുള്ള സംവിധാനം, ഡിജിറ്റൽ ബോർഡ് ത്രീഡി തിയേറ്റർ സിസ്റ്റം, റേഡിയോ ഉൾപ്പെടെയുള്ള സംഗീത സംവിധാനം, ഡ്രസ്സ് ചേഞ്ചിംഗ് സൗകര്യം,

മുലയൂട്ടാനുള്ള സൗകര്യം, മൈലാഞ്ചി കോർണർ, സൈക്കിൾ ട്രാക്ക്, നീന്തൽക്കുളം, ഓപ്പൺ ജിം, കിഡ്സ് ലൈബ്രറി, പെറ്റ് സ്റ്റേഷൻ, കൾച്ചറൽ കോർണർ, അതത് സ്ഥലത്തെ പ്രശസ്തരായ സാഹിത്യകാരന്മാരുടെ സൃഷ്ടികൾ തീം ആക്കിയുള്ള കൾച്ചറൽ കോർണർ, ഹോബി കഫേ (ചെസ്സ്, കാരംസ്, ടേബിൾ ടെന്നീസ് തുടങ്ങിയവയ്ക്കുള്ള സൗകര്യം), വാൾ ആർട്ട്, ബട്ടർ ഫ്ലൈ പാർക്ക്, ആക്ട് ഹൗസ്, ഫിലിം ക്ലബ്ബ് തുടങ്ങിയ അധിക സൗകര്യങ്ങൾ ഏർപ്പെടുത്തണം

iii. സേവ് ദി ഡേറ്റ്, ബർത്ത് ഡേ പാർട്ടി പോലുള്ള ഇവന്റുകൾക്ക് വിനിയോഗിക്കുവാൻ കഴിയും വിധം ഭംഗിയുള്ളതാകണം പാർക്കുകൾ. മാസത്തിൽ ഒരു ദിവസം ഹാപ്പിനസ്സ് ഡേ ഉണ്ടാകണം. പ്രദേശത്തെ തനത് കലാകാരന്മാർക്ക് അവസരം നൽകിക്കൊണ്ടുള്ള കലാപരിപാടികൾ, ഫുഡ് ഫെസ്റ്റ് എന്നിവ ആകാം.

iv. പാർക്ക് സ്ഥാപിക്കുന്നതിന് സ്വന്തം ഭൂമി ലഭ്യമാണെങ്കിൽ അത് ഉപയോഗിക്കുകയോ ഭൂമി വിലക്ക് വാങ്ങുകയോ ചെയ്യാവുന്നതാണ്. ഭൂമി വാങ്ങുന്നതിനും മേല്പറഞ്ഞ സൗകര്യങ്ങൾ ഒരുക്കുന്നതിനും വികസന ഫണ്ട്, തനതുഫണ്ട് എന്നിവ ഉപയോഗിക്കാം. നഗരങ്ങളിൽ അമൃത്, KSWMP പരിപാടികളുടെ സാധ്യത കൂടി പ്രയോജനപ്പെടുത്തുന്നതോടൊപ്പം സ്പോൺസർഷിപ്പ്, സി.എസ്.ആർ എന്നിവയിലൂടെയും ഫണ്ട് കണ്ടെത്താവുന്നതാണ്.

v. മാലിന്യനിക്ഷേപ കേന്ദ്രങ്ങളായിരുന്ന പ്രദേശങ്ങൾ, ക്രിമിറ്റോറിയത്തിനു സമീപമുള്ള ഭൂമി എന്നിവ ഇതിനായി ഉപയോഗിക്കാൻ മുൻഗണന നൽകേണ്ടതാണ്. നിലവിലുള്ള പാർക്കുകളിൽ അധിക സംവിധാനം ഏർപ്പെടുത്തി ഹാപ്പിനസ്സ് പാർക്കായി മാറ്റുകയും ചെയ്യാവുന്നതാണ്.

vi. സ്ഥല ലഭ്യതയ്ക്കും സാമ്പത്തിക ശേഷിക്കും അനുസരിച്ച് വലിപ്പമുള്ള പാർക്കുകൾ സ്ഥാപിക്കാവുന്നതാണ്.

vii. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സംയുക്ത പ്രോജക്റ്റ് ആയും പാർക്കുകൾ സ്ഥാപിക്കാവുന്നതാണ്.

13. അയൽക്കൂട്ടങ്ങളിൽ നിന്നും വികസന ആവശ്യങ്ങൾ ശേഖരിച്ചശേഷം അവ വാർഡ് തലത്തിലും തുടർന്ന് ഗ്രാമപഞ്ചായത്ത് തലത്തിലും ക്രോഡീകരിച്ച് ഗ്രാമ ദാരിദ്ര്യ ലഘൂകരണ പദ്ധതി (Village Poverty Reduction Plan) എല്ലാ വർഷവും കുടുംബശ്രീയുടെ നേതൃത്വത്തിൽ തയ്യാറാക്കുന്നുണ്ട്. ഇതുപോലെ നഗര ദാരിദ്ര്യ ലഘൂകരണ പദ്ധതിയും (Urban Poverty Reduction Plan) കുടുംബശ്രീയുടെ നേതൃത്വത്തിൽ തയ്യാറാക്കുന്നുണ്ട്. 2024-25ലേയ്ക്കുള്ള ഗ്രാമ ദാരിദ്ര്യ ലഘൂകരണ പദ്ധതിയും നഗര ദാരിദ്ര്യ ലഘൂകരണ പദ്ധതിയും തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നു വരികയാണ്. ഇങ്ങനെ രൂപപ്പെടുന്ന ദാരിദ്ര്യ ലഘൂകരണ പദ്ധതികൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി രൂപീകരണത്തിൽ അർഹമായ പരിഗണന നൽകി വാർഷിക പദ്ധതിയുമായി സംയോജിപ്പിക്കേണ്ടതാണ്. ദാരിദ്ര്യ ലഘൂകരണ പദ്ധതികളിലെ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചുകൊണ്ടാകണം വർക്കിംഗ് ഗ്രൂപ്പുകൾ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടത്. വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി ചേരുന്ന ഗ്രാമ/വാർഡ് സഭകളിലും വികസന സെമിനാറിലും ദാരിദ്ര്യ ലഘൂകരണ പദ്ധതികൾ അവതരിപ്പിച്ച് ചർച്ചയ്ക്ക് വിധേയമാക്കണം.

14. വാർഷിക പദ്ധതി അടങ്കൽ:- പൊതുവിഭാഗം വികസനഫണ്ട്, പട്ടികജാതി ഉപപദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി, റോഡിതര മെയിന്റനൻസ് ഫണ്ട്, റോഡ് മെയിന്റനൻസ് ഫണ്ട് എന്നിവയുടെ കാര്യത്തിൽ 2023-24ലെ വിഹിതത്തിന് തുല്യമായ തുകയ്ക്ക് 2024-25ലെ വികസന

പദ്ധതികൾ തയ്യാറാക്കാവുന്നതാണ്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ കാര്യത്തിൽ സുലേഖയിൽ ഉൾപ്പെടുത്തി നൽകുന്ന താൽക്കാലിക വിഹിതത്തെ അടിസ്ഥാനമാക്കി പദ്ധതി തയ്യാറാക്കണം. അടുത്ത സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ സ്പിൽഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് വാർഷിക പദ്ധതി പരിഷ്കരിക്കുമ്പോൾ ബജറ്റ് വിഹിതത്തിന് അനുസൃതമായി വാർഷിക പദ്ധതി പുനഃക്രമീകരിക്കാവുന്നതാണ്.

15. നടപ്പ് വാർഷിക പദ്ധതിയിൽ (2023-24) നിർവ്വഹണം നടത്തിവരുന്ന പ്രോജക്ടുകളിൽ ഈ സാമ്പത്തിക വർഷം പൂർത്തിയാക്കാൻ കഴിയാത്ത പ്രോജക്ടുകളുടെ (സ്പിൽഓവർ പ്രോജക്ടുകൾ) യഥാർത്ഥ ചിത്രം മാർച്ച് 31 കഴിഞ്ഞാൽ മാത്രമേ വ്യക്തമാകുകയുള്ളൂ. എന്നിരുന്നാലും അടുത്ത വർഷം ലഭിക്കാവുന്ന ക്യാരിഓവർ തുകയ്ക്ക് ഉപരിയായുള്ള സ്പിൽഓവർ ബാധ്യത കണ്ടെത്തുന്നതിന് വേണമെങ്കിൽ 2024-25-ലെ വാർഷിക പദ്ധതി രൂപീകരിക്കുന്ന സമയത്ത് തന്നെ ഒരു നിശ്ചിത തുക, പരമാവധി 20 ശതമാനം വരെ, സ്പിൽഓവർ പ്രോജക്ടുകൾക്കായി മാറ്റി വെയ്ക്കാവുന്നതാണ്. എല്ലാ വിഭാഗത്തിലും ഇപ്രകാരം നിശ്ചിത തുക പ്രത്യേകം മാറ്റി വെയ്ക്കുന്നതിനുള്ള സൗകര്യം സുലേഖ സോഫ്റ്റ് വെയറിൽ ഉണ്ടായിരിക്കുന്നതാണ്. ഇങ്ങനെ ഒരു നിശ്ചിത തുക സ്പിൽഓവർ പ്രോജക്ടുകൾക്ക് വേണ്ടി ഇപ്പോൾതന്നെ മാറ്റി വെയ്ക്കുകയാണെങ്കിൽ അടുത്ത സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ പുതിയ പ്രോജക്ടുകൾ ഉപേക്ഷിച്ച് സ്പിൽഓവർ പ്രോജക്ടുകൾക്ക് വിഹിതം കണ്ടെത്തേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കാൻ കഴിയും.

16. പദ്ധതി ആസൂത്രണ പ്രക്രിയയിൽ പൊതുജനങ്ങളുടെയും വിദഗ്ധരുടെയും പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് കാര്യമായ പരിശ്രമം ഉണ്ടാകണം. പൊതുകാര്യങ്ങളിൽ താല്പര്യമെടുക്കുന്നവരെയും വിദഗ്ധരെയും കണ്ടെത്തി ആസൂത്രണസമിതിയിലും വർക്കിംഗ് ഗ്രൂപ്പുകളിലും ഉൾപ്പെടുത്തേണ്ടതാണ്. പങ്കാളിത്ത വേദികളായ ഗ്രാമസഭകളിലും വാർഡ്സഭകളിലും പരമാവധി പങ്കാളിത്തം ഉറപ്പാക്കണം.

17. ദേശീയ, സംസ്ഥാന, ജില്ലാ തലങ്ങളിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ലക്ഷ്യങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ട് ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ പ്രാദേശിക തലത്തിൽ രൂപം നൽകുന്ന വികസന പദ്ധതികളിൽ നിന്നും കേന്ദ്ര സർക്കാർ ഇപ്പോൾ നിഷ്കർഷിക്കുന്ന പ്രകാരമുള്ള പ്രോജക്ടുകൾ തെരഞ്ഞെടുത്ത് ഇ-ഗ്രാംസ്വരാജ് പോർട്ടലിൽ ഉൾപ്പെടുത്തേണ്ടതാണ്. തീമാറ്റിക് സമീപനത്തിൽ വികസന പദ്ധതികൾ തയ്യാറാക്കുന്നതിനും ഇ-ഗ്രാംസ്വരാജ് പോർട്ടലിൽ പ്രോജക്ടുകൾ ഉൾപ്പെടുത്തുന്നതിനും ബാധകമായ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പ്രത്യേകം പുറപ്പെടുവിച്ചിട്ടുണ്ട്.

18. ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുനഃസംഘടിപ്പിക്കേണ്ടതുണ്ടെങ്കിൽ അത് നവംബർ 18-നകം പൂർത്തിയാക്കേണ്ടതാണ്. ഇവ പുനഃസംഘടിപ്പിച്ച് കഴിഞ്ഞാൽ, പതിനാലാം പഞ്ചവൽസര പദ്ധതിയുടെ തുടക്കത്തിൽ ഓരോ മേഖലയ്ക്കും തയ്യാറാക്കിയതും 2023-24 വാർഷിക പദ്ധതി രൂപീകരണത്തിന് മുന്നോടിയായി പുതുക്കിയതുമായ അവസ്ഥാരേഖകൾ (Status Reports) വർക്കിംഗ് ഗ്രൂപ്പുകളുടെ ആഭിമുഖ്യത്തിൽ കാലോചിതമായി പരിഷ്കരിക്കേണ്ടതാണ്. പുതിയ സ്ഥിതിവിവരക്കണക്കുകൾ ലഭ്യമാണെങ്കിൽ അവ ഉൾപ്പെടുത്തണം. അവസ്ഥാരേഖയ്ക്ക് താഴെ പറയുന്ന പ്രകാരം നാല് അദ്ധ്യായങ്ങൾ ആകാവുന്നതാണ്.

i. നിലവിലുള്ള അവസ്ഥ
ii. വികസനത്തിലെ നിലവിലുള്ള വിടവുകൾ, പ്രധാന വെല്ലുവിളികൾ, പ്രശ്നങ്ങളും

കാരണങ്ങളും പരിഹാരമാർഗങ്ങളും കണ്ടെത്തുന്നതിനുള്ള പ്രശ്ന വിശകലനം

iii. 2024-25ലെ വികസന ലക്ഷ്യങ്ങളും അവ കൈവരിക്കുന്നതിനുള്ള തന്ത്രങ്ങളും

iv. സംയോജന സാധ്യതകൾ

19. അവസ്ഥാ രേഖ പരിഷ്ക്കരിക്കുമ്പോൾ ആദ്യ വർഷത്തെ (2022-23) നേട്ടങ്ങളും രണ്ടാം വർഷം (2023-24) പ്രതീക്ഷിക്കുന്ന നേട്ടങ്ങളും 2024-25ൽ ലക്ഷ്യമിടുന്ന നേട്ടങ്ങളും കൂടുതൽ കൃത്യതയോടെ നിർവ്വചിക്കണം. പരിഷ്കരിച്ച അവസ്ഥാ രേഖയെ അടിസ്ഥാനമാക്കി വർക്കിംഗ് ഗ്രൂപ്പുകൾ അടുത്ത വർഷത്തേയ്ക്കുള്ള കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടതാണ്. [പ്രശ്ന വിശകലനത്തിന് പരാമർശം 1, 2 എന്നീ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖകളുടെ അനുബന്ധമായി നൽകിയിട്ടുള്ള ഫോറം 3-ഉം വികസനലക്ഷ്യങ്ങൾ തയ്യാറാക്കുന്നതിന് ഈ ഉത്തരവിന്റെ അനുബന്ധത്തിൽ നൽകിയിട്ടുള്ള ഫോറം 'എ'യും ഉപയോഗിക്കാവുന്നതാണ്. മുൻ വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത പ്രോജക്ടുകൾ, തൻ വർഷം അവലോകനം നടത്തുന്നതുവരെ നടപ്പിലാക്കിയ/ നടപ്പിലാക്കി വരുന്ന പ്രോജക്ടുകൾ, അടുത്ത വർഷത്തെ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ പരാമർശം 1, 2 എന്നീ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖകളുടെ ഫോറം 4 ലും ഫോറം 5 ലും ഫോറം 6 ലും യഥാക്രമം തയ്യാറാക്കേണ്ടതാണ്].

20. 2024-25 വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടുന്നതിനുള്ള സമയക്രമം ചുവടെ നൽകുന്നു. പ്രധാനഘട്ടങ്ങൾ പൂർത്തിയാക്കുന്നതിനുള്ള അവസാന തീയതികളാണ് നൽകിയിട്ടുള്ളത്. തീയതികളിൽ അനുയോജ്യമായ മാറ്റങ്ങൾ ആകാമെങ്കിലും വാർഷിക പദ്ധതി സമർപ്പിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള അവസാന തീയതി എന്ന നിബന്ധന നിർബന്ധമായും പാലിക്കേണ്ടതാണ്.

| ക്രമ നം. | പ്രവർത്തനം | | പൂർത്തിയാക്കേണ്ട അവസാന തീയതി |
|---|---|---|---|
| 1 | എല്ലാ തലത്തിലെയും തദ്ദേശ ഭരണ സ്ഥാപനങ്ങൾ ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുനഃസംഘടിപ്പിക്കൽ | : | 2023 നവംബർ 18 |
| 2 | അവസ്ഥാരേഖ പരിഷ്കരിക്കൽ | : | 2023 നവംബർ 24 |
| 3 | ജില്ലാതല മുൻഗണനകൾ നിശ്ചയിച്ച് ഡി.പി.സി. തലത്തിൽ മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കൽ | : | 2023 നവംബർ 24 |
| 4 | സംയോജന സാദ്ധ്യതകൾ ചർച്ച ചെയ്യുന്നതിനുള്ള തദ്ദേശ സ്ഥാപനതല ആസൂത്രണ സമിതിയുടേയും വർക്കിംഗ് ഗ്രൂപ്പ് കൺവീനർമാരുടെയും പ്രത്യേക യോഗം | : | 2023 നവംബർ 25 |
| 5 | എല്ലാ തലത്തിലെയും തദ്ദേശ ഭരണ സ്ഥാപനങ്ങൾ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കൽ | : | 2023 നവംബർ 29 |
| 6 | ബ്ലോക്ക് പഞ്ചായത്തും ഗ്രാമ പഞ്ചായത്തുകളും ചേർന്ന് നടപ്പാക്കുന്ന സംയുക്ത പ്രോജക്ടുകൾക്കും സംയോജിത പ്രോജക്ടുകൾക്കും | : | 2023 നവംബർ 30 |

| | | | |
|---|---|---|---|
| | രൂപം നൽകാൻ ബ്ലോക്ക് പഞ്ചായത്ത് വിളിച്ച് ചേർക്കുന്ന യോഗം | | |
| 7 | ജില്ലാ തലത്തിലെ സംയുക്ത പ്രോജക്റ്റുകൾക്കും സംയോജിത പ്രോജക്റ്റുകൾക്കും അന്തിമ രൂപം നൽകാൻ ജില്ലാ ആസൂത്രണ സമിതി വിളിച്ചു ചേർക്കുന്ന യോഗം | : | 2023 ഡിസംബർ 01 |
| 8 | ഗ്രാമ/വാർഡ് സഭാ യോഗങ്ങൾക്ക് മുമ്പുള്ള കൂടിയാലോചനകൾ | : | 2023 ഡിസംബർ 04 |
| 9 | ഗ്രാമ/വാർഡ് സഭാ യോഗങ്ങൾ | : | 2023 ഡിസംബർ 05-20 |
| 10 | ഗ്രാമ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും കരട് വാർഷിക പദ്ധതി രേഖ തയ്യാറാക്കൽ | : | 2023 ഡിസംബർ 22 |
| 11 | ഗ്രാമ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും വികസന സെമിനാർ | : | 2023 ഡിസംബർ 30 |
| 12 | ഗ്രാമ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും വാർഷിക പദ്ധതിക്ക് അന്തിമ രൂപം നൽകൽ | : | 2024 ജനുവരി 01 |
| 13 | ഗ്രാമ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും പ്രോജക്റ്റുകൾ സുലേഖ സോഫ്റ്റ് വെയറിൽ തയ്യാറാക്കൽ | : | 2024 ജനുവരി 09 |
| 14 | ഗ്രാമ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും വാർഷിക പദ്ധതിക്ക് ഭരണ സമിതിയുടെ അംഗീകാരം | : | 2024 ജനുവരി 10 |
| 15 | ഗ്രാമ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും വാർഷിക പദ്ധതി സമർപ്പണം | : | 2024 ജനുവരി 12 |
| 16 | ഗ്രാമ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം | : | 2024 ജനുവരി 18 |
| 17 | കേന്ദ്ര സർക്കാരിന്റെ ഇ-ഗ്രാംസ്വരാജ് പോർട്ടിലിൽ ഗ്രാമ പഞ്ചായത്തുകളുടെ പ്രോജക്റ്റുകൾ അപ് ലോഡ് ചെയ്യൽ | : | 2024 ജനുവരി 23 |
| **ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകൾ** | | | |
| 18 | ബ്ലോക്ക് പഞ്ചായത്തുകളിൽ ഗ്രാമസഭയ്ക്ക് സമാനമായ യോഗം ചേരൽ | : | 2024 ജനുവരി 03 |
| 19 | ബ്ലോക്ക് പഞ്ചായത്തുകളുടെ കരട് വാർഷിക പദ്ധതി രേഖ തയ്യാറാക്കൽ | : | 2024 ജനുവരി 06 |
| 20 | ബ്ലോക്ക് പഞ്ചായത്തുകളുടെ വികസന സെമിനാർ | : | 2024 ജനുവരി 08 |
| | | | |

| | | | |
|---|---|---|---|
| 21 | ജില്ലാ പഞ്ചായത്തുകളിൽ ഗ്രാമസഭയ്ക്ക് സമാനമായ യോഗം ചേരൽ | : | 2024 ജനുവരി 10 |
| 22 | ജില്ലാ പഞ്ചായത്തുകളുടെ കരട് വാർഷിക പദ്ധതി രേഖ തയ്യാറാക്കൽ | : | 2024 ജനുവരി 15 |
| 23 | ജില്ലാ പഞ്ചായത്തുകളുടെ വികസന സെമിനാർ | : | 2024 ജനുവരി 17 |
| 24 | ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതിക്ക് അന്തിമ രൂപം നൽകൽ | : | 2024 ജനുവരി 20 |
| 25 | ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകളുടെ പ്രോജക്ടുകൾ സുലേഖ സോഫ്റ്റ് വെയറിൽ തയ്യാറാക്കൽ | : | 2024 ജനുവരി 25 |
| 26 | ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതിക്ക് ഭരണ സമിതിയുടെ അംഗീകാരം | : | 2024 ജനുവരി 27 |
| 27 | ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതി സമർപ്പണം | : | 2024 ജനുവരി 31 |
| 28 | ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം | : | 2024 ഫെബ്രുവരി 04 |
| 29 | കേന്ദ്ര സർക്കാരിന്റെ ഇ-ഗ്രാംസ്വരാജ് പോർട്ടിലിൽ പ്രോജക്ടുകൾ അപ് ലോഡ് ചെയ്യൽ | : | 2024 ഫെബ്രുവരി 08 |
| 30 | ഗ്രാമ ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകളുടെ അംഗീകരിച്ച വാർഷിക പദ്ധതി ബജറ്റുമായി സംയോജിപ്പിക്കൽ | : | 2024 മാർച്ച് 7 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശാരദ മുരളീധരൻ ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
8. ഡയറക്ടർ, റൂറൽ, തദ്ദേശ സ്വയംഭരണ വകുപ്പ്
9. ഡയറക്ടർ, അർബൻ, തദ്ദേശ സ്വയംഭരണ വകുപ്പ്
10. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
11. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
12. ചീഫ് ടൗൺ പ്ലാനർ
13. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
14. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും

15. എല്ലാ ജില്ലാ കളക്ടർമാർക്കും
16. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
17. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
18. എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും
19. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
20. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
21. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
22. ഡയറക്ടർ ജനറൽ, കില
23. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
24. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
25. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
26. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
27. തദ്ദേശ സ്വയംഭരണ (ഡബ്ല്യൂ.എം.) വകുപ്പ്
28. തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്
29. തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്
30. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 13-11-2023 16:55:44

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

ഫോറം എ

# പതിനാലാം പഞ്ചവൽസര പദ്ധതി

## 2024-25 വാർഷിക പദ്ധതി

വികസന പരിപ്രേക്ഷ്യം/ലക്ഷ്യങ്ങൾ

തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്............................................ വർക്കിംഗ് ഗ്രൂപ്പിന്റെ പേര്...................................................

| ക്രമ നമ്പർ | മേഖല/ ഉപമേഖല | പരിപ്രേക്ഷ്യം (വികസന കാഴ്ചപ്പാട്) | സൂചിക | 2022-ലെ അവസ്ഥ | 2027 ലെ ലക്ഷ്യം (പതിനാലാം പഞ്ചവൽസര പദ്ധതിയുടെ തുടക്കത്തിൽ നിശ്ചയിച്ചത്) | 2022-23 ൽ കൈവരിച്ച നേട്ടം | 2023-24 ൽ പ്രതീക്ഷിക്കുന്ന നേട്ടം | 2024-25 ലെ ലക്ഷ്യം | 2024-25 ലെ ലക്ഷ്യം കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | 1.<br>2.<br>etc |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |

സ്ഥലം :
തീയതി :

ഒപ്പ്:
പേര്:
കൺവീനർ
---------------------വർക്കിംഗ് ഗ്രൂപ്പ്

കുറിപ്പ് :- കാർഷിക മേഖലയിലെ ഒരു ഉദാഹരണം ചുവടെ നൽകുന്നു.
പരിപ്രേക്ഷ്യം: നെല്ലുല്പാദനത്തിൽ വർദ്ധനവ്
സൂചിക : നെൽവിളകളുടെ വിസ്തൃതി (ഹെക്ടർ)
2022-ലെ അവസ്ഥ : 10 ഹെക്ടർ
പതിനാലാം പദ്ധതിയിലെ (2027ലെ) ലക്ഷ്യം: 30 ഹെക്ടർ